**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.313** **20.06.2019 - ൽ മറുപടിയ്ക്ക്**

**ചികിത്സ കിട്ടാതെ രോഗി മരണപ്പെട്ട സംഭവം**

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.വി. ഇബ്രാഹിം | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോട്ടയം മെഡിക്കൽ കോളേജിലും രണ്ട സ്വകാര്യ ആശുപത്രികളിലും ചികിത്സയ്ക്കായി എത്തിച്ച കട്ടപ്പന സ്വദേശിക്ക് ചികിത്സ കിട്ടാതെ ആംബുലൻസിൽ കിടന്ന് മരിക്കേണ്ടി വന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന് ഉത്തരവാദികളായവരെ കണ്ടെത്തിയിട്ടുണ്ടോ; അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) | 05.06.2019- ന് ഉച്ചയ്ക്ക് ശേഷം കട്ടപ്പനയിലെ ഒരു സ്വകാര്യ ഹോസ്പിറ്റലിൽ നിന്നും ഒരു മുന്നറിയിപ്പും കൂടാതെ അതീവ ഗുരുതരാവസ്ഥയിലാണ് ജേക്കബ് തോമസ് എന്ന രോഗിയെ ആംബുലൻസിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയിൽ കൊണ്ടുവന്നത്. രോഗിയോടൊപ്പമുള്ളവർ വെന്റിലേറ്റർ സൗകര്യം ആവശ്യപ്പെട്ടതിനാൽ ആയതിന്റെ ലഭ്യത സംബന്ധിച്ച് പി.ആർ.ഒ ഉടൻ തന്നെ അന്വേഷിക്കുകയും തുടർന്ന് ഗുരുതരമായ സാക്രമിക രോഗം ബാധിച്ച രോഗികളെ ഐസൊലേഷൻ വാർഡിലേയ്ക്ക് (വാർഡ് നം.24) മാറ്റണമെന്ന 03.06.2019 ലെ ഔട്ട് ബ്രേക്ക് മോണിറ്ററിംഗ് സെല്ലിന്റെ മീറ്റിംഗിൽ എടുത്ത തീരുമാന പ്രകാരം ശ്രീ.ജേക്കബ് തോമസിനെ ഐസൊലേഷൻ വാർഡിലേയ്ക്ക് തീരുമാനിക്കുകയും ചെയ്തിരുന്നു. ഐസൊലേഷൻ വാർഡിൽ വെന്റിലേറ്റർ സൗകര്യത്തിന്റെ ലഭ്യതയ്ക്ക് കുറവുണ്ടെന്ന് അറിയിച്ചപ്പോൾ ഒപ്പമുള്ളവർ രോഗിയെ മറ്റൊരു ആശുപത്രിയിലേയ്ക്ക് അതേ ആംബുലൻസിൽ തന്നെ കൊണ്ടുപോകുവാനാണ് തീരുമാനിച്ചത്. |

| | | | |
|---|---|---|---|
| | | | മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ രോഗിയെ പരിശോധിക്കാൻ എത്തിയെങ്കിലും ആംബുലൻസ് രോഗിയുമായി പോയിക്കഴിഞ്ഞിരുന്നു. അതിനുശേഷം വീണ്ടും ഇതേ ആംബുലൻസിൽ രോഗിയെ തിരികെ മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും ആംബുലൻസ് ജീവനക്കാരൻ രോഗി മരണപ്പെട്ടതായി അറിയിക്കുകയാണുണ്ടായത്. തുടർന്ന് കൂടെയുള്ളവർ PRO-യെ മർദിക്കുകയായിരുന്നു (ഇത് വീഡിയോ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്). രോഗിയോടൊപ്പമുള്ളവരുടെ തീരുമാന-പ്രകാരമാണ് മെഡിക്കൽ കോളേജാശുപത്രിയിൽ നിന്ന് രോഗിയെ മറ്റൊരു ആശുപത്രിയിൽ കൊണ്ടുപോയത്. സംഭവത്തിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ ഡെപ്യൂട്ടി സൂപ്രണ്ട്, നഴ്സിംഗ് ഓഫീസർ എന്നിവർ ഉൾപ്പെട്ട സമിതി നടത്തിയ പ്രാഥമിക അന്വേഷണത്തിൽ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാർ ഉത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടില്ല. ഈ സംഭവത്തിൽ വിശദമായ അന്വേഷണത്തിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | തമിഴ് നാട് സ്വദേശി മുരുകൻ ചികിത്സ കിട്ടാതെ മരണപ്പെട്ട സംഭവുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | സർക്കാർ നൽകിയ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാത്ത ഉദ്യോഗസ്ഥ നിലപാടാണ് സമാനസംഭവങ്ങൾ ആവർത്തിക്കാനിടയാക്കുന്നത് എന്നുള്ളത് അതീവ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ